**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 96** **10-06-2024 - ൽ മറുപടിയ്ക്ക്**

**പൗരത്വ ഭേദഗതി നിയമത്തിനെതിരായ സമരവുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | **പൗരത്വ നിയമ ഭേദഗതിക്കെതിരെ നടന്ന സമരങ്ങൾക്കിടെ ഉണ്ടായ നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 835 കേസ്സുകൾ രജിസ്റ്റർ ചെയ്തിരുന്നു.** |
| (ബി) | ഇതിൽ ക്രിമിനൽ സ്വഭാവമുള്ളതും അല്ലാത്തതുമായ കേസുകൾ എത്രയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | **ഗുരുതര സ്വഭാവമുള്ള കേസുകളുടെ എണ്ണം -103**<br><br>**ഗുരുതര സ്വഭാവമില്ലാത്ത കേസുകളുടെ എണ്ണം-732**<br><br>**അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്** |
| (സി) | ആഭ്യന്തര വകുപ്പിന്റെ 26.02.2021-ലെ ഉത്തരവുപ്രകാരം പ്രസ്തുത കേസുകളിൽ എത്രയെണ്ണം പിൻവലിച്ചിട്ടുണ്ട്; | (സി) | പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾക്ക് 26.02.2021 ലെ സ.ഉ.(കൈ) നം.70/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.<br><br>പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയതുമായ 551 കേസ്സുകൾ ഉൾപ്പെടെ 640 കേസ്സുകൾ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസ്സുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്. ഒരു കേസ് അന്വേഷണ ഘട്ടത്തിലാണ്. ഇതിൽ 84 കേസ്സുകളിൽ സർക്കാർ നിരാക്ഷേപത്രംനൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബഹു. കോടതികളാണ്.<br><br>അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസ്സുകൾ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഡി) | പ്രസ്തുത കേസുകളിൽ കോടതി മുഖേന തീർപ്പ് കൽപ്പിച്ച കേസുകൾ ഒഴികെ എത്ര കേസുകൾ നിലനിൽക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) | പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾക്ക് 26.02.2021 ലെ സ.ഉ.(കൈ) നം.70/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.<br><br>പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയതുമായ 551 കേസ്സുകൾ ഉൾപ്പെടെ 640 കേസ്സുകൾ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസ്സുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്. ഒരു കേസ് അന്വേഷണ ഘട്ടത്തിലാണ്. ഇതിൽ 84 കേസ്സുകളിൽ സർക്കാർ നിരാക്ഷേപത്രംനൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബഹു. കോടതികളാണ്.<br><br>അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസ്സുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഇ) | പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട സമരത്തിന്റെ പേരിൽ 2024-ൽ ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | 2024 ൽ പൗരത്വ നിയമ ഭേദഗതിയുടെ ചട്ടങ്ങൾ പുറപ്പെടുവിച്ചതിനെതിരെയുള്ള പ്രതിഷേധങ്ങൾക്കിടെയുണ്ടായ നിയമനലംഘനങ്ങളിൽ സംസ്ഥാനത്ത് 8 കേസുകൾ **രജിസ്റ്റർ ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ